# കേരള കാർഷിക സർവകലാശാല
## ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര

ഫോൺ : +91-487-2961457, ഇ-മെയിൽ : ifvka@kau.in

നം. ഐ.എഫ്./1241/2023 തിയ്യതി : 23.01.2024

## പുനർ ദർഘാസ്/ ലേല നോട്ടീസ്

കേരള കാർഷിക സർവകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാമിലെ ഏകദേശം **150** ഏക്കർ സ്ഥലത്തുള്ള നല്ല കായ്ഫലം തരുന്ന **1200** തെങ്ങുകളിൽ നിന്നും പരാഗണത്തിന് മാർക്ക് ചെയ്ത **115** തെങ്ങുകൾ ഒഴിവാക്കി ആകെ **1085** തെങ്ങുകളിൽ നിന്ന് **01.02.2024** മുതൽ **31.01.2025** വരെയുള്ള ഒരു വർഷ കാലയളവിലേക്ക് കരിക്കും, നാളികേരവും വ്യവസ്ഥകൾക്ക് വിധേയമായി വിളവെടുക്കുവാനുള്ള അവകാശത്തിനായി താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ഇതിനോടൊപ്പം ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ദർഘാസ്/ ലേലം ക്ഷണിക്കുന്നു.

ദർഘാസ് ഫോറം **1,416/-** രൂപയ്ക്ക് (**1,200/-** + ജി.എസ്.ടി. **18%**) **30.01.2024**-ന് രാവിലെ **10.30** വരെ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകൾ **30.01.2024** ന് രാവിലെ **11.30** മണിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി **14,000/-** രൂപ (പതിനാലായിരം രൂപ മാത്രം) കെട്ടിവെക്കേണ്ടതാണ്.

**30.01.2024**-ന് രാവിലെ **11.30** മണിയ്ക്ക് അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പരസ്യലേലം നടത്തുന്നതും തുടർന്ന് ദർഘാസുകൾ തുറക്കുന്നതുമാണ്. കൂടുതൽ തുക നിർദ്ദേശിച്ചിട്ടുള്ള ദർഘാസ്/ലേലക്കാരന്റെ പേരിൽ ഫാം മേധാവിയുടെ യുക്താനുസരണം ദർഘാസ്/ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി വിളയുടെ ഗുണനിലവാരം, തെങ്ങുകളുടെ എണ്ണം ഓഫീസ് സമയങ്ങളിൽ (രാവിലെ **9.00** മുതൽ വൈകിട്ട് **4.00** വരെ) ഫാം സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടി നേരിൽ കണ്ട് ബോധ്യപ്പെട്ടുക്കൊള്ളേണ്ടതാണ്. ദർഘാസ്/ലേലം ഉറപ്പിച്ചതിനുശേഷം ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. മറ്റു തരത്തിൽ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ അതിന് ഫാമിന് യാതൊരു തരത്തിലുള്ള ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| ക്രമ നം. | ലേല സ്ഥലം | ഇൻസ്ട്രക്ഷണൽ ഫാം ,വെള്ളാനിക്കര |
|---|---|---|
| 1. | ലേല വസ്തു | ഫാമിലെ **1085** തെങ്ങുകളിൽ നിന്നും നാളികേരം, കരിക്ക് വിളവെടുക്കുന്നതിനുള്ള അവകാശം |
| 2. | കാലയളവ് | മൂപ്പെത്തിയ നാളികേരം **01.02.2024** മുതൽ **31.01.2025** വരെ<br>കരിക്ക് **01.02.2024** മുതൽ **02.11.2024** വരെ |
| 3. | ലേല സമയം | **30.01.2024**-ന് രാവിലെ **11.30** മണി |
| 4. | നിരതദ്രവ്യം | **14,000/-** രൂപ, (ലേലസമയത്തിന് മുമ്പായി ഒടുക്കണം) |

## നിബന്ധനകൾ

1. ദർഘാസ് തുക വളരെ വ്യക്തമായി അക്ഷരത്തിലും അക്കത്തിലും എഴുതിയിരിക്കണം. ദർഘാസുകൾ പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന പേരിൽ ആയിരിക്കേണ്ടതാണ്.

2. ടെന്റർ ഫോം സമർപ്പിക്കുന്ന കവറിന് പുറത്ത് "കരിക്ക്, നാളികേരം വിളവെടുക്കുന്ന തിനുള്ള ടെന്റർ - **2024**" എന്ന് വ്യക്തമായി എഴുതിയിരിക്കണം.

3. കരാർ ലഭിക്കുന്ന വ്യക്തിക്ക് **01.02.2024** തിയ്യതി മുതൽ **31.01.2025** വരെ കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം വിളകൾ എടുക്കാവുന്നതാണ്.

4. ദർഘാസ് /ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡ് നിർബന്ധ മായും ഹാജരാക്കണം.

5. നീര പ്രോജക്ടുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്തുന്നതിനായി **50** തെങ്ങുകൾ വിവിധ ബ്ലോക്കുകളിൽ നിന്നായി തിരഞ്ഞെടുത്തിട്ടുണ്ട്. കരാർ കാലയളവിൽ നീര പ്രൊജക്ടിനായി തെങ്ങുകൾ തിരഞ്ഞെടുക്കുന്നതിനും, അവയിൽ നിന്നു ആവശ്യാനു സരണം ടാപ്പിംഗ് നടത്തുന്നതിനുമുള്ള അധികാരം ഫാമിൽ നിക്ഷിപ്തമാണ്.

6. മൂപ്പെത്തിയ നാളികേരം ഒരിക്കൽ വിളവെടുത്തതിന് ശേഷം ഏറ്റവും ചുരുങ്ങിയത് **45** ദിവസങ്ങൾക്ക് ശേഷം മാത്രമേ അടുത്ത വിളവെടുപ്പ് അനുവദിക്കുകയുള്ളു.

7. തെങ്ങിന്റെ ദർഘാസ് /ലേലം ഉറപ്പിച്ചു കിട്ടുന്ന ആൾ തുകയുടെ മൂന്നിൽ ഒരു ഭാഗം അപ്പോൾ തന്നെ കെട്ടി വെയ്ക്കേണ്ടതാണ്. ബാക്കി തുക രണ്ട് തുല്യ തവണകളായി, **31.03.2024** മുൻപായും, **31.05.2024** മുൻപായും അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസ് /ലേലം ഉടനടി റദ്ദു ചെയ്യുന്നതും ദർഘാസ്/ലേലത്തിൽ ഉണ്ടാകുന്ന നഷ്ടം ആദ്യ ദർഘാസ്/ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

8. തെങ്ങിന്റെ വിളവെടുപ്പ് ദിവസം മുൻകൂട്ടി അറിയിക്കേണ്ടതും ഫാം സൂപ്രണ്ട് ചുമതല പ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ വിളവെടുപ്പ് നടത്തേണ്ടതുമാണ്. ഓരോ വിളവെടുപ്പിലും തെങ്ങൊന്നിന് ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയതിനുശേഷം മാത്രമേ പുറത്ത് കൊണ്ടുപോകുവാൻ പാടുള്ളൂ.

9. വിളവെടുപ്പ് കാലാവധി തീരുന്നതിന് **90** (തൊണ്ണൂറ്) ദിവസത്തിനു മുമ്പുവരെ മാത്രമേ കരിക്ക് വെട്ടിയെടുക്കുവാൻ പാടുള്ളൂ. ഏഴു മാസത്തിൽ മൂപ്പുകുറഞ്ഞ കരിക്കുകൾ വെട്ടുവാൻ പാടുള്ളതല്ല. പരാഗണത്തിനായി മാറ്റിവെച്ച **115** തെങ്ങുകളിൽ നിന്നും വിളവെടുക്കുന്നതിന് കരാറുകാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. മറിച്ച് ചെയ്യുന്നപക്ഷം കരാർ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

10. വിളവെടുക്കുമ്പോൾ ഫാമിലെ വസ്തു വകകൾക്കോ, തെങ്ങിലെ ഇടവിളകൾക്കോ, മറ്റു വിളകൾക്കോ കേടുപാടുകൾ വരുത്താൻ പാടില്ല. മറിച്ച് സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

11. ലേലം ഉറപ്പിച്ച് കിട്ടുന്ന ആളിന്റെ നിരതദ്രവ്യം ഫാം സൂപ്രണ്ടിന്റെ സാക്ഷ്യപ്പെടു ത്തലിനുശേഷം, മറ്റ് തടസങ്ങൾ ഇല്ലാത്തപക്ഷം **31.01.2025**-ന് ശേഷം ഓഫീസിൽ നിന്നും തിരികെ നൽകുന്നതാണ്.

12. വിളവെടുപ്പ് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലുമായിരിക്കണം. ഫാം പ്രവൃത്തി സമയത്ത് **(8.30 AM–4.30 PM)** വരെ മാത്രമേ വിളവെടുപ്പ് അനുവദിക്കുകയുള്ളൂ. ഓരോ

ദിവസവും വിളവെടുക്കുന്ന തേങ്ങ/കരിക്ക് അപ്പോൾ തന്നെ ഓഫീസിൽ നിന്നും ഗേറ്റ് പാസ് വാങ്ങി കൊണ്ടു പോകേണ്ടതാണ്. ഫാമിൽ സൂക്ഷിക്കുവാൻ പാടുള്ളതല്ല. അവധി ദിവസങ്ങളിൽ വിളവെടുപ്പ് അനുവദിക്കുന്നതല്ല.

13. വിത്ത്തേങ്ങ/തേങ്ങ/കരിക്ക് എന്നിവ ഫാമിൽ നിന്ന് ആവശ്യപ്പെടുമ്പോൾ അപ്പോഴത്തെ തേങ്ങയുടെ മാർക്കറ്റ് വിലയ്ക്ക് നൽകേണ്ടതാണ്.

14. തെങ്ങിൽ നിന്ന് തേങ്ങ അല്ലാതെ പട്ട, കൊതുമ്പ് പോലുള്ള മറ്റൊരു ഉൽപ്പന്നത്തിനും കരാർ ഉറപ്പിച്ച് നൽകുന്ന വ്യക്തിക്ക് യാതൊരുവിധ അധികാരവും ഉണ്ടായിരിക്കുന്നതല്ല.

15. രൂക്ഷമായ രോഗകീടബാധമൂലമോ, ഈ സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ വികസന പരിപാടികൾക്ക് വേണ്ടിയോ ഏതെങ്കിലും തെങ്ങുകൾ വെട്ടി മാറ്റേണ്ടതുണ്ടെങ്കിൽ അതിനുള്ള അവകാശവും, യഥാസമയങ്ങളിൽ വിളപരിപാലനത്തിനും തെങ്ങിന്റെ മണ്ട വൃത്തിയാക്കിന്നതിനുമുള്ള അവകാശവും ഈ ഓഫീസിന് ഉണ്ടായിരിക്കുന്നതാണ്. ആയത് ദർഘാസ് /ലേലം വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

16. ദർഘാസ് /ലേലം നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അന്തിമം ആയിരിക്കും. ദർഘാസ് /ലേലം സംബന്ധമായ അന്തിമ തീരുമാനമെടുക്കുവാനും ദർഘാസ് /ലേലം റദ്ദ് ചെയ്യാനും മാറ്റി വെയ്ക്കാനുമുള്ള അധികാരം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കം. മറ്റ് എല്ലാ സർക്കാർ/യൂണിവേഴ്സിറ്റി ദർഘാസ്/ ലേലം നിബന്ധനകളും ഇതിനും ബാധകമാണ്.

17. ദർഘാസ് /ലേലം കൊണ്ടവ്യക്തി മേൽപ്പറഞ്ഞ ദർഘാസ് /ലേലം നിബന്ധനകൾ അടങ്ങിയ ഉടമ്പടി 200/- രൂപ മുദ്രപ്പത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുമ്പായി നൽകേണ്ടതാണ്.

18. ഏതെങ്കിലും സാഹചര്യത്തിൽ നിശ്ചയിച്ച തിയ്യതിയിൽ ലേലം നടത്താൻ സാധിക്കാതെ വന്നാൽ പ്രൊഫസർ & ഹെഡ് നിശ്ചയിക്കുന്ന മറ്റൊരു തിയ്യതിയിലും, സമയത്തും ദർഘാസ് /ലേലം നടത്തുന്നതായിരിക്കും.

ദർഘാസ്ലേലം/ ഉറപ്പിച്ചു കിട്ടുന്ന ആൾ ദർഘാസ് /ലേലം നിബന്ധനകൾ പാലിക്കാത്ത പക്ഷം കരാർ റദ്ദു ചെയ്യുന്നതും, അടച്ച തുക മുഴുവൻ സർവകലാശാലയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുൾപ്പെടെയുള്ള മേൽ നടപടികൾക്ക് വിധേയനാക്കും.

ദർഘാസ്/ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ (10 AM മുതൽ 4.30 PM വരെ) ഫാം ഓഫീസിൽ നേരിട്ടോ, 0487-2961457 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**ഡോ. അനിത എസ്.**
**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ് :- പബ്ലിക് റിലേഷൻസ് ഓഫീസർ, കെ.എ.യു., കെ.എ.യു. വെബ് സൈറ്റ്, നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം), എ.ആർ.എസ്. മണ്ണുത്തി, ആറ്റിക്, മണ്ണുത്തി, സെൻട്രൽ നഴ്സറി, വെള്ളാനിക്കര, കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളാനിക്കര, കൃഷി ഓഫീസ്, പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ, ബ്ലോക്ക് ഓഫീസ്, ഒല്ലൂക്കര, ഫെയ്സ് ബുക്ക് പേജ്, ഐ.എഫ്.വെള്ളാനിക്കര)

പകർപ്പ് :- ഷൈജു ഡി. ഒല്ലേക്കാട്ട്, ഫാം സൂപ്രണ്ട്, സ്റ്റോക്ക് ഫയൽ.